**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് മിന്നൽ പരിശോധന - തൃശൂർ നഗരസഭാ ഹെൽത്ത് ഓഫീസറായിരുന്ന ഡോ. സി. ശാന്തയ്ക്കെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2105/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.06.2017.

=================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.10.2012 തീയതിയിലെ E8(SC/10/12/TSR) 35098/2011 നമ്പർ കത്ത്.

2) തൃശൂർ നഗരസഭാ ഹെൽത്ത് ഓഫീസറായിരുന്ന ഡോ. സി. ശാന്തയ്ക്ക് നൽകിയ 18.05.2013 തീയതിയിലെ 18122/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റാരോപമെമ്മോയ്ക്ക് ഡോ. സി. ശാന്ത സമർപ്പിച്ച 31.08.2013 തീയതിയിലെ പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 04.07.2016 തീയതിയിലെ വി3-8983/16/ഡി.യു.എ നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ നഗരസഭയിൽ എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനങ്ങളും ഉപകരണങ്ങളും നഗരസഭാ പരിസരത്ത് ഉപേക്ഷിച്ചതായും ദുരുപയോഗം ചെയ്യുന്നതുമായ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശൂർ യൂണിറ്റ് തൃശൂർ നഗരസഭയിൽ 17.2.2012 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

(i) കെ.എസ്.യു.ഡി.പി. മുഖേന ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 2010 കാലയളവിൽ 2,51,37,507/- രൂപ എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചെങ്കിലും പദ്ധതി പ്രാവർത്തികമാക്കാനായില്ല.

(ii) പ്രസ്തുത പദ്ധതി തയ്യാറാക്കിയത് നടത്തിപ്പ് സംബന്ധിച്ച് യാതൊരു കാഴ്ചപ്പാടും ഇല്ലാതെയായിരുന്നു. ഉപകരണങ്ങളുടെ വിതരണവും കൃത്യമായ ഉപയോഗവും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ആയിരുന്നെങ്കിലും പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റാനായില്ല.

(iii) എ.ഡി.ബി. ഫണ്ട് ലഭിച്ച് $1^{1/}2$ വർഷത്തിനു ശേഷവും ഉപകരണങ്ങളും വാഹനങ്ങളും കൃത്യമായി ഉപയോഗിക്കാനാ വാതിരുന്നത് ഹെൽത്ത് ഓഫീസറുടെയും തൃശൂർ നഗരസഭാ കൗൺസിലിന്റെയും വീഴ്ചയാണ്.

(iv) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളും വാഹനങ്ങളും ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം അറ്റകുറ്റ പണികൾ നടത്തേണ്ട അവസ്ഥയിലാണ്. ആയതിനാൽ പൊതുജനത്തിന് യാതൊരു ഉപയോഗവും ഉണ്ടായില്ല.

(v) പദ്ധതി പ്രകാരമുള്ള 43 വാഹനങ്ങൾക്കും ഒരു ഡ്രൈവറെയും നിയമിച്ചില്ല.

(vi) വാഹന ഉപയോഗത്തിനുള്ള ചിലവ്, ഇന്ധനത്തിനുള്ള വിഹിതം എന്നിവ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നില്ല.

2) പ്രസ്തുത ക്രമക്കേടുകൾക്ക് 19.7.2008 മുതൽ 31.10.2011 വരെ തൃശൂർ നഗരസഭയിലെ ഹെൽത്ത് ഓഫീസറായിരുന്ന ഡോ. സി. ശാന്തയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകി.

3) കുറ്റപത്രത്തിന് ഡോ. സി. ശാന്ത സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ചുവടെപ്പറയുന്ന വിവരങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

i) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച്. കെ.എസ്.യു.ഡി.പി ആണ് വിവിധ യന്ത്ര സാമഗ്രികളും ഉപകരങ്ങളും വാങ്ങിയതെന്നും, ഇതിൽ നഗരസഭയുടെ ഹെൽത്ത് വിഭാഗത്തിന് യാതൊരു ഉത്തരവാദിത്വവും ഇല്ല. എ.ഡി.ബി. ഫണ്ട് ഉപയോഗിച്ച് കെ.എസ്.യു.ഡി.പി നടത്തുന്ന എല്ലാ പർച്ചേയ്സുകൾക്കും Technical Evaluation Committee ഉണ്ട്. ഇതിൽ നഗരസഭാ ഹെൽത്ത് ഓഫീസർ അംഗമല്ല. വാഹനവും മറ്റ് ഉപകരണങ്ങളും സംബന്ധിച്ച് കൗൺസിൽ സ്റ്റിയറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും സ്റ്റിയറിംഗ് കമ്മിറ്റി ഹെൽത്ത് കമ്മിറ്റിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ ഹെൽത്ത് കമ്മിറ്റി ആയത് സമർപ്പിച്ച അവസരത്തിൽ താൻ കൊച്ചി നഗരസഭയിൽ ഹെൽത്ത് ഓഫീസർ ആയിരുന്നു. ഹെൽത്ത് കമ്മിറ്റിയുടെ റിപ്പോർട്ടിൽ മൂന്ന് ഘട്ടങ്ങളായിട്ട് മാത്രമേ യന്ത്ര സാമഗ്രികൾ വാങ്ങാവൂ എന്നും അതിനോടൊപ്പം തന്നെ മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ട താണെന്ന് ഹെൽത്ത് കമ്മിറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഇതിന് വിരുദ്ധമായി യന്ത്ര സാമഗ്രികൾ വാങ്ങുകയാണുണ്ടായത്. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിൽ പൂർണ്ണ ഉത്തരവാദിത്വം കെ.എസ്.യു.ഡി.പി.യ്ക്ക് മാത്രമാണ്.

(ii) പദ്ധതി രൂപകൽപ്പന, പദ്ധതി തയ്യാറാക്കൽ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ഹെൽത്ത് ഓഫീസർക്ക് യാതൊരു ഉത്തരവാദിത്വവും

ഇല്ലായിരുന്നു. ഇക്കാര്യത്തിൽ പരിപൂർണ്ണ ഉത്തരവാദിത്വം കെ.എസ്.യു.ഡി.പി. ക്ക് മാത്രമാണ്.

(iii) നഗരസഭാ ഹെൽത്ത് ഓഫീസർക്ക് ഇതിൽ യാതൊരു പങ്കുമില്ല. 15.03.2010 ലെ മേയറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 16.03.2010 ൽ ഹെൽത്ത് ഓഫീസർ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് നൽകി.

(iv) കെ.എസ്.യു.ഡി.പി. യിൽ നിന്നും ലഭിച്ച ഉപകരണങ്ങളും വാഹനങ്ങളും യഥാസമയം തന്നെ ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾക്ക് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും പൊതു ശുചീകരണ ആവശ്യങ്ങൾക്ക് മാത്രമായി വാഹനങ്ങൾ ഉപയോഗിക്കുന്നതിന് 22.03.2010 ന് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് യാതൊരു വീഴ്ചയും വന്നിട്ടില്ല.

(v) വാഹനങ്ങളുടെ കസ്റ്റോഡിയനായ നഗരസഭാ സെക്രട്ടറിയാണ് ഇതിന് നടപടി സ്വീകരിക്കേണ്ടത്.

(vi) പ്രോജക്ട് തയ്യാറാക്കിയത് ഹെൽത്ത് ഓഫീസറുമായി യാതൊരു ബന്ധവുമില്ലാതെ കെ.എസ്.യു.ഡി.പി. യാണ്.

(vii) കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു മുമ്പ് യന്ത്ര സാമഗ്രികളും, വാഹനങ്ങളും കെ.എസ്.ഡി.യു.പി. വാങ്ങിച്ചതിനാലാണ് ആയവ ലക്ഷ്യത്തിന് ഉപയോഗിക്കാൻ സാധിക്കാതെ പോയതെന്നും പദ്ധതിയുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളും, യന്ത്ര സാമഗ്രികളും പരമാവധി നഗരസഭയിലെ ദൈനംദിന ശുചീകരണ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടു ത്തിയിട്ടുണ്ടെന്നും, പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയാൽ മാത്രം ഉപയോഗിക്കാൻ സാധിക്കുന്ന ചില വാഹനങ്ങൾ മാത്രമാണ് ഉപയോഗിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതെന്നും ഇപ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി യാതൊരു വീഴ്ചയും തന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ലാ ത്തതിനാൽ തന്നെ കുറ്റവിമുക്തയാക്കണമെന്ന് ഡോ. ശാന്ത അപേക്ഷിച്ചു.

4) ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ഡി.യു.പി. പദ്ധതിയുടെ നിർവ്വഹണത്തിന്റെ മുഴുവൻ ചുമതലയും കോർപ്പറേഷനിൽ പ്രവർത്തിച്ചിരുന്ന പ്രോജക്ട് മാനേജരുടെ കീഴിലുള്ള കെ.എസ്.ഡി.യു.പി. പ്രോജക്ട് യൂണിറ്റിനായിരുന്നു. കെ.എസ്.ഡി.യു.പി. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പ്രോജക്ട്

മാനേജർ നേരിട്ട് സെക്രട്ടറിയുടേയയോ, മേയറുടെയോ, കൗൺസിലിന്റെയോ ഉത്തരവിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന രീതിയാണ് അവലംബിച്ചിരുന്നത്. ഹെൽത്ത് ഓഫീസർ ഉൾപ്പെടെ മറ്റ് വകുപ്പ് തലവൻമാർക്ക് പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ എന്തെങ്കിലും പങ്ക് തെളിയിക്കുന്ന രേഖകൾ അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. സാധനസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് ഹെൽത്ത് കമ്മിറ്റി ചെയർമാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൗൺസിൽ തീരുമാനം എടുത്തതെങ്കിലും, ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ, ഹെൽത്ത് ഓഫീസറുടെയോ അറിവോടെയാണ് ചെയർമാൻ റിപ്പോർട്ട് നൽകിയത് എന്നതിന് യാതൊരു തെളിവുകളും കോർപ്പറേഷനിൽ ലഭ്യമല്ല. ചുരുക്കത്തിൽ പദ്ധതി രൂപീകരണം മുതൽ വാഹനങ്ങളും, സാധനസാമഗ്രികളും കോർപ്പറേഷനിൽ ലഭിക്കുന്നതുവരെയുള്ള മുഴുവൻ ഘട്ടങ്ങളും KSUDP Project Implementation Unit ആണ് കൈകാര്യം ചെയ്തിരിക്കുന്നത്. കോർപ്പറേഷനിലെ വകുപ്പ് തലവന്മാർക്ക് പ്രത്യേകിച്ച് ഒരു പങ്കും ഇക്കാര്യത്തിൽ ഉണ്ടായിരുന്നില്ല. വാഹനങ്ങളും, സാധനസാമഗ്രികളും കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ കൈപ്പറ്റിയെങ്കിലും പ്രൊജക്ടിന്റെ പ്രധാന ഭാഗമായ ലാലൂരിലെ മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ നിർമ്മാണം തടസ്സപ്പെടുകയും നിർത്തിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഇതിനനുസൃതമായി വാങ്ങിയ വാഹനങ്ങളും, സാധനസാമഗ്രികളും ഉപയോഗിക്കാൻ സാധിക്കാതെ വരികയാണുണ്ടായത്. മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം നിർത്തി വയ്ക്കാൻ ഉന്നതതലത്തിലെടുത്ത തീരുമാനമാണ്. മാലിന്യ സംസ്ക്കരണത്തിനുവേണ്ടി തയ്യാറാക്കിയ പ്രൊജക്ടിലെ ഒരു ഭാഗം മാത്രമാണ് വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങൽ. എന്നാൽ സംസ്ക്കരണ പ്ലാന്റ് പൂർത്തിയാക്കുന്നതിന് മുമ്പ് വാഹനങ്ങളും, ഉപകരണങ്ങളും ഉപയോഗശൂന്യമാകുന്നതിനും ഇതിന് ചെലവഴിച്ച രണ്ട് കോടിയിൽപ്പരം രൂപ പാഴ്ചെലവാകുകയും ചെയതത്. വാഹനങ്ങളും, ഉപകരണങ്ങളും കോർപ്പറേഷന് ഡെലിവറി ലഭിക്കുന്നതുവരെ ഇക്കാര്യത്തിൽ ഡോ. ശാന്തയ്ക്ക് എന്തെങ്കിലും പങ്കുണ്ടെന്ന എന്തെങ്കിലും രേഖകൾ നഗരസഭകൾ നടത്തിയ അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. ആയതിനാൽ തന്നെ വാഹനം കോർപ്പറേഷനിൽ ലഭിക്കുന്നതുവരെയുള്ള ഘട്ടങ്ങളിലെ വീഴ്ചയ്ക്ക് ഡോ. ശാന്ത കുറ്റക്കാരിയാണെന്ന് പറയുവാൻ സാധിക്കുകയില്ല. വാഹനം ലഭിച്ചതിനു ശേഷം ആയത് ഉപയോഗിക്കുന്നതിൽ സംഭവിച്ച വീഴ്ചയ്ക്ക് പ്രധാനകാരണം, ലാലൂരിലേക്ക് വേസ്റ്റ് നീക്കം നിലച്ചതോടെ waste collection നിലച്ചതും, വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണവും ഉറവിട മാലിന്യ സംസ്ക്കരണവും എന്ന രീതി കോർപ്പറേഷൻ അവലംബിച്ച് പോരുന്നതുമാണ്. വീടുകളിലെയും, ഫ്ളാറ്റുകളിലേയും ജൈവ മാലിന്യ സംസ്ക്കരണത്തിന് നിലവിൽ ബയോഗ്യാസ് പ്ലാന്റ്, ബയോബിൻ, പൈപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് മാർഗ്ഗങ്ങളാണ് നിലവിൽ കോർപ്പറേഷൻ ശുപാർശ ചെയ്യുന്നത്. ചുരുക്കത്തിൽ കെ.എസ്.ഡി.യു.പി. പദ്ധതി പ്രകാരം ലാലൂരിൽ സ്ഥാപിക്കുന്നതിനുദ്ദേശിച്ച കേന്ദ്രീകൃത സംവിധാനത്തിനു പകരം വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിലേക്ക് കോർപ്പറേഷൻ മാറിയതിലൂടെ കേന്ദ്രീകൃത സംവിധാനത്തിനുതകുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ആവശ്യമില്ലാതെ വരികയും ഭൂരിഭാഗം ഉപകരണങ്ങളും, വാഹനങ്ങളും ഉപയോഗശൂന്യമാകു കയാണുണ്ടായതെന്നും കണ്ടെത്തി.''

5) തൃശൂർ നഗരസഭാ ഹെൽത്ത് ഓഫീസറായിരുന്ന ഡോ. സി. ശാന്ത സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദവും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ചും നഗരസഭ നടത്തിയ അന്വേഷണത്തിൽ കുറ്റാരോപിതയ്ക്കെതിരായ ആരോപണങ്ങൾ തെളിയിക്കപ്പെടാത്തതിനാലും ടിയാൾക്കെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, തൃശൂർ നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)
ഡോ. സി. ശാന്ത, ഹെൽത്ത് ഓഫീസർ (റിട്ട.)
നഗരകാര്യ ഡയറക്ടർ മുഖേന
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിജിലൻസ് വകുപ്പ് ( 21.03.2017 തീയതിയിലെ 2980/ഡി1/17/വിജി. നമ്പർ പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**